**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2682** **14-09-2023 - ൽ മറുപടിയ്ക്ക്**

**ഫാമിലി പെൻഷന് അർഹതയുള്ളവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മരിച്ചുപോയ പെൻഷനറുടെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന മക്കൾക്ക് ഫാമിലി പെൻഷന് അർഹത വരുന്ന സാഹചര്യത്തിൽ പ്രസ്തുത ഫാമിലി പെൻഷൻ ചട്ട പ്രകാരം അനുവദിക്കുന്ന അധികാരി "പെൻഷൻ സാങ്ഷനിങ് അതോറിറ്റി" ആണോ എന്നറിയിക്കാമോ; | (എ) | പെൻഷനറുടെ ശാരീരിക മാനസിക വൈകല്യമുള്ള മക്കൾക്ക് ഫാമിലി പെൻഷൻ അനുവദിക്കുന്ന അധികാരി പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി ആണ്. സർക്കാർ പെൻഷൻ സാങ്ഷനിങ് അധികാരിയായ കേസുകൾ ഒഴികെ, ഈ വിഭാഗത്തിലുള്ളവർക്ക് അതത് വകുപ്പുകളിലെ പെൻഷൻ സാങ്ഷനിങ് അധികാരികൾക്ക് പ്രസ്തുത കുടുംബ പെൻഷൻ അനുവദിക്കാവുന്നതാണ്. |
| (ബി) | സർക്കാർ പെൻഷൻ സാങ്ഷനിങ് അധികാരിയായ കേസുകൾ ഒഴികെ അതത് വകുപ്പുകളിലെ പെൻഷൻ സാങ്ഷനിങ് അധികാരികൾക്ക് പ്രസ്തുത കുടുംബ പെൻഷൻ അനുവദിക്കാവുന്നതാണോ എന്നറിയിക്കാമോ; | (ബി) | പെൻഷനറുടെ ശാരീരിക മാനസിക വൈകല്യമുള്ള മക്കൾക്ക് ഫാമിലി പെൻഷൻ അനുവദിക്കുന്ന അധികാരി പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി ആണ്. സർക്കാർ പെൻഷൻ സാങ്ഷനിങ് അധികാരിയായ കേസുകൾ ഒഴികെ, ഈ വിഭാഗത്തിലുള്ളവർക്ക് അതത് വകുപ്പുകളിലെ പെൻഷൻ സാങ്ഷനിങ് അധികാരികൾക്ക് പ്രസ്തുത കുടുംബ പെൻഷൻ അനുവദിക്കാവുന്നതാണ്. |
| (സി) | അങ്ങനെയെങ്കിൽ ഇത്തരം കേസുകളിൽ വിവിധ വകുപ്പുകൾ ഭരണ വകുപ്പിലും ധനകാര്യ വകുപ്പിലും ശിപാർശ സമർപ്പിച്ച് സർക്കാർ അനുമതി വാങ്ങുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (സി) | ഫാമിലി പെൻഷനുമായി ബന്ധപ്പെട്ട വിഷയത്തിൽ അതാത് വകുപ്പുൾക്ക് തീരുമാനമെടുക്കാനാകാത്ത കേസുകളിൽ സംശയദൂരീകരണത്തിനും മാർഗ്ഗനിർദ്ദേശത്തിനുമാണ് സർക്കാരിൽ അപേക്ഷ സമർപ്പിക്കുന്നത്. ഇത്തരത്തിൽ ഭരണവകുപ്പ് മുഖേന ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് അഭിപ്രായം അറിയിക്കുകയാണ് ധനകാര്യ വകുപ്പ് ചെയ്യുന്നത്. കൂടാതെ ഇപ്രകാരമുള്ള കേസുകളിൽ ജീവനക്കാരൻ/ പെൻഷണർ മരണപ്പെട്ട് നിർദിഷ്ട സമയപരിധിയായ 3 വർഷത്തിനുള്ളിൽ കുടുംബ പെൻഷൻ അപേക്ഷ സമർപ്പിക്കാത്ത കേസുകളിൽ ആയത് അനുവദിക്കുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമാണ്. |
| (ഡി) | ചട്ട പ്രകാരം വേണ്ടതില്ലാത്ത ഇത്തരം അധിക അനുമതി ഉത്തരവുകൾ നേടുന്നതിനുള്ള | (ഡി) | ഇപ്രകാരമുള്ള കുടുംബ പെൻഷൻ അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ആവശ്യമായ എല്ലാ രേഖകളും |

| | | | |
|---|---|---|---|
| | കാലതാമസം കാരണം ഫാമിലി പെൻഷന് അർഹതയുള്ളവർ അനുഭവിക്കുന്ന സാമ്പത്തിക പ്രയാസങ്ങളും മറ്റു ബുദ്ധിമുട്ടുകളും ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ? | | സഹിതം സമർപ്പിക്കുന്നവർക്ക് പെൻഷണർ മരണപ്പെട്ട് തൊട്ടടുത്ത മാസം മുതൽ കുടുംബ പെൻഷൻ മുൻകാല പ്രാബല്യത്തോടെ അനുവദിക്കുന്നതാണ്. കുടുംബ പെൻഷനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് 3 വർഷം കാലാവധി അധികരിച്ച കേസുകളിൽ യോഗ്യത സർട്ടിഫിക്കറ്റായ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ തീയതി മുതലാണ് കുടുംബ പെൻഷന് അർഹത കൈവരുന്നത്. വ്യത്യസ്ത വിഭാഗങ്ങളിലുള്ള ഫാമിലി പെൻഷൻ അപേക്ഷകളോടൊപ്പം സമർപ്പിക്കേണ്ട സർട്ടിഫിക്കറ്റുകൾ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനും കുടുംബ പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നത് സംബന്ധിച്ചും സർക്കാർ തലത്തിൽ നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ